(ബി) ഓരോ വർഷവും ഓരോ ബോർഡിലും ടി. എ., ശമ്പളം, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, ബോർഡ് അംഗങ്ങളുടെ ചെലവുകൾ എന്നിങ്ങനെ ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണെന്നും തരംതിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓരോ വർഷവും ഓരോ ക്ഷേമനിധി ബോർഡും തൊഴിലാളികളുടെ ആനുകൂല്യങ്ങളും പെൻഷനും നൽകാൻ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ † ചേർത്തിരിക്കുന്നു. ആനുകൂല്യങ്ങളുടെയും പെൻഷന്റേയും തരംതിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) ഓരോ വർഷവും ഓരോ ബോർഡും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. † ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

റോഡപകടങ്ങൾ തടയുന്നതിനും ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനും നിയമ നിർമ്മാണം

127 [1359] ശ്രീ. കെ. പി. രാജേന്ദ്രൻ:

„ ബിനോയ് വിശ്വം:

„ പി. എസ്. സുപാൽ:

„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിത വേഗതയും കാലപ്പഴക്കം വന്ന വാഹനങ്ങളുമാണ് റോഡപകടങ്ങൾക്ക് കാരണം എന്നു തെളിഞ്ഞിട്ടുള്ള സാഹചര്യത്തിൽ അമിത വേഗത തടയുന്നതിന് സർക്കാരിന് കഴിയാത്തത് എന്തുകൊണ്ടാണ്;

(ബി) മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നതും, കൃത്യതയോടെയുള്ള പരിശോധന നടത്താത്തതുമാണ് അപകടകാരണങ്ങളെന്നതിനാൽ നിയമം കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർഷവും കെ. എസ്. ആർ. ടി. സി.-ക്ക് വാഹന അപകടങ്ങൾമൂലം ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; 2001 മുതൽ കെ. എസ്. ആർ. ടി. സി.-ക്ക് ഈ ഇനത്തിൽ വന്നിട്ടുള്ള അധികച്ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) റോഡപകടങ്ങൾ തടയുന്നതിനും ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനും സുരക്ഷിതമായ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിയമനിർമ്മാണത്തിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അമിത വേഗത തടയുന്നതിന് മോട്ടോർ വാഹന വകുപ്പിലെ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും സ്പീഡ് ട്രെയ്സർ വാഹനങ്ങളും നിരന്തരമായ പരിശോധനകൾ നടത്തുകയും കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

(ബി) മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിലവിലുള്ള നിയമം അനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കെ. എസ്. ആർ. ടി. സി.-ക്ക് ഏകദേശം 12 കോടി രൂപ പ്രതിവർഷം നഷ്ടം വരുന്നുണ്ട്. അധിക ചെലവ് കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പരിപാടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും ബന്ധപ്പെട്ട വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനം ഏകീകരിക്കുന്നതിനും മറ്റുമുള്ള സമഗ്രമായ റോഡു സുരക്ഷാ നിയമം ഉണ്ടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

റോഡുകളും റോഡരികുകളും ദുരുപയോഗം ചെയ്യുന്നതിനെതിരെ നടപടി

128 [1360] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളും സ്വകാര്യ വ്യക്തികളും റോഡുകൾ കുഴിക്കുന്നതുമൂലവും റോഡുകൾ ദുരുപയോഗം ചെയ്യുന്നതുമൂലവുമുള്ള അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമാനങ്ങൾ തീർക്കുന്നതിനും മറ്റും യാതൊരു അനുമതിയും വാങ്ങാതെ വ്യക്തികളും സംഘടനകളും റോഡുകൾ നശിപ്പിക്കുകയും പിന്നീട് പൂർവ്വ സ്ഥിതിയിലാക്കാതെ ഉപേക്ഷിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly